ഈ വർഷം വെറും ടോക്കൺപ്രൊവിഷൻ മാത്രമേയുള്ളൂ. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ബഡ്ജറ്റ് പുറത്തു വന്നയുടനെതന്നെ 18-3-1985-ൽ റയിൽവേമന്ത്രിക്ക് വളരെ ശക്തമായ ഒരു കത്തെഴുതുകയുണ്ടായി. ഈ വർഷത്തെ ബഡ്ജറ്റിൽ തുക വളരെ കുറഞ്ഞുപോയി, ഈ തുക നമുക്ക് അപര്യാപ്തമാണ്, കൂടുതൽ തുക അനുവദിക്കണമെന്നൊക്കെ പറഞ്ഞുകൊണ്ടാണ് വളരെ പേഴ്സണലായിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തയച്ചിരുന്നത്. ഈ വിഷയം സംസ്ഥാന ഗവൺമെന്റ് പല തവണ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്ര റെയിൽവേമന്ത്രി കാര്യാലയം ആവശ്യമായ തുക ഒന്നുകിൽ കണ്ടെത്തും അല്ലെങ്കിൽ ഇതിന്റെ പോരായ്മ തീർക്കത്തക്കവണ്ണം അടുത്ത വർഷത്തെ ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുമെന്ന് പ്രത്യാശിക്കുകയാണ്. ഏതായാലും ബഡ്ജറ്റിലെ തുകയ്ക്കനുസരണമായി പ്രവർത്തനങ്ങൾക്ക് ഒട്ടും മുടക്കം കൂടാതെ കൊണ്ടുപോകുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: കഴിഞ്ഞ ആഴ്ച പാർലമെന്റിൽ ചോദിച്ച ചോദ്യത്തിന് മറുപടിയായി എറണാകുളം-കായംകുളം റെയിൽവേ ലൈനിനും എറണാകുളം-ആലപ്പുഴ റെയിൽവേ ലൈനിനും ഈ വർഷത്തെ ബഡ്ജറ്റിൽ ഒരു പൈസപോലും അനുവദിക്കില്ലായെന്നു പറഞ്ഞു. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമ്മുടെ കേരളത്തിലെ എം. പി. മാരടക്കം റെയിൽവേമന്ത്രിയെ കണ്ടതായി പേപ്പറിൽ കണ്ടു. എന്താണ് റെയിൽവേമന്ത്രി പറഞ്ഞത്, ഈ വർഷം പണം കിട്ടുമോയെന്ന് മുഖ്യമന്ത്രിക്ക് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: ബഡ്ജറ്റിൽ ഉള്ള തുക കിട്ടുന്നതിനേക്കാൾ കൂടുതൽ തുക കിട്ടണമെന്നാണ് നമ്മൾ പറഞ്ഞിരിക്കുന്നത്. തീരുമാനമൊന്നുമായിട്ടില്ല. കിട്ടുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

(2) മലയാള സിനിമാവ്യവസായം നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ

ശ്രീ. എം. എം. ഹസ്സൻ : സർ, നമ്മുടെ ഗവൺമെന്റിന് വിനോദ നികുതി ഇനത്തിൽ പ്രതിവർഷം പത്തു കോടി രൂപയിലധികം വരുമാനമുണ്ടാക്കുന്നതും ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്നതുമായ മലയാള ചലച്ചിത്ര വ്യവസായം ഇന്ന് ഗുരുതരമായ ചില പ്രശ്നങ്ങൾ നേരിടുകയാണ്. ഒരു വ്യവസായമെന്നുള്ള നിലയിൽ അതിനെ പ്രോൽസാഹിപ്പിക്കാനും, കലാമൂല്യങ്ങളും സാമൂഹ്യബോധവുമുള്ള ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനുംവേണ്ടി ഗവൺമെന്റ് പണം മുടക്കി ചലച്ചിത്ര വികസന കോർപ്പറേഷനും ഏഷ്യയിലെത്തന്നെ ഏറ്റവും മനോഹരമായ ചിത്രാഞ്ജലി സ്റ്റുഡി

LIBRARY ARCHIVES Kerala Legislative Assembly

യോക്കുമെല്ലാം രൂപം കൊടുത്തു. എങ്കിലും ഈ വ്യവസായം നമ്മുടെ മനസ്സാക്ഷിയെ രൂപപ്പെടുത്തുന്നതിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുയെന്നുള്ളതുകൊണ്ട് മറ്റൊന്നിന് നൽകുന്നതിനെക്കാൾ പ്രാധാന്യം ഈ വ്യവസായത്തിന്റെ പ്രശ്നങ്ങൾക്ക് ഗവൺമെൻറ് നൽകണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. കൂടുതൽ പ്രോൽസാഹനവും പ്രശ്ന പരിഹാരത്തിനുള്ള നടപടികളും സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ മലയാള ചലച്ചിത്രങ്ങൾ നേരിടുന്ന പ്രശ്നങ്ങളിലേക്ക് ക്ഷണിക്കുന്നത്.

നമ്മുടെ മലയാള സിനിമ ഇന്ന് ലോക സിനിമയുമായി തട്ടിച്ചുനോക്കുമ്പോൾ മുൻകാലത്തെ അപേക്ഷിച്ച് വളരെയധികം പുരോഗതി പ്രാപിച്ചിട്ടുണ്ടെങ്കിലും മലയാള സിനിമയിൽ ഇന്നും നമ്മുടെ സമൂഹത്തെ വഴിതെറ്റിക്കുന്ന സാഹചര്യവും നമ്മുടെ ഉയർച്ചയെത്തന്നെ പിന്നോക്കം വലിക്കുന്ന പല പ്രവണതകളും കടന്നു കൂടിയിട്ടുണ്ട്. ഇതെല്ലാം വളരെ അവഗാഢമായി പരിശോധിച്ച് നമ്മുടെ ഗവൺമെന്റിന്റെ മുമ്പിൽ, നമ്മുടെ ബഹുമാനപ്പെട്ട സ്പീക്കർ അന്ന് ചെയർമാനായിട്ടുള്ള എസ്റ്റിമേറ്റ് കമ്മിറ്റി ഒരു വർഷം മുമ്പ് അതിന്റെ പന്ത്രണ്ടാമത് റിപ്പോർട്ട് ഈ സഭയിൽ സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിൽ ഈ രംഗവുമായി ബന്ധപ്പെട്ട എല്ലാ ആളുകളുമായി വളരെ വിശദമായി ചർച്ച ചെയ്ത ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ആ റിപ്പോർട്ടിലെ പല നിർദ്ദേശങ്ങളും ഇപ്പോഴും നടപ്പിലാക്കാത്തതുകൊണ്ടാണ് ഈ ഗവൺമെന്റിന്റെ ശ്രദ്ധ ഞാൻ വീണ്ടും ക്ഷണിക്കുന്നത്.

ഇന്ന് നമ്മുടെ ചെറുപ്പക്കാർ, യുവ തലമുറ, വളരെയധികം വഴിതെറ്റിപ്പോകുന്ന നിരവധി പ്രലോഭനങ്ങൾ മലയാള സിനിമയിൽ കടന്നുകൂടിയിട്ടുണ്ടെന്നുള്ള കാര്യം ഇവിടെ എല്ലാവരും സമ്മതിക്കുന്നതാണ്. സമൂഹ മനസ്സാക്ഷിയെ പാകപ്പെടുത്തുന്നതിലും രൂപപ്പെടുത്തുന്നതിലും സിനിമയ്ക്കുള്ള പങ്ക് ഇരുപതാം നൂറ്റാണ്ടിലെ അതിശക്തമായ ഒരു ബഹുജന മാദ്ധ്യമം എന്നുള്ള നിലയിൽ നമ്മൾ അംഗീകരിച്ചുകൊടുത്തേ മതിയാകൂ. ടി. വി. യും വീഡിയോയും എല്ലാം പ്രചരിക്കുന്നുണ്ടെങ്കിലും അന്നും സാധാരണക്കാരുടെ വിനോദ ഉപാധിയെന്നു പറയുന്നത് സിനിമയാണ്. ഇന്ത്യയിലെ ഏറ്റവും ശക്തമായ ബഹുജന മാദ്ധ്യമം സിനിമയാണ്. അതുകൊണ്ട് അത് അടിച്ചേല്പിക്കുന്ന നിയന്ത്രണങ്ങൾ വേണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല. അതിൽ നമ്മുടെ സമൂഹത്തിന് യോജിക്കാത്ത രീതിയിലുള്ള പ്രവർത്തനങ്ങൾ തടയാനുള്ള ഒരു പ്രചരണം, അതിനാവശ്യമായ അവബോധം സമൂഹത്തിലുണ്ടാക്കാനുള്ള ഒറ്റപ്പെട്ട ശ്രമങ്ങൾ നമ്മുടെ രാജ്യത്ത് നടക്കുന്നുണ്ട്. അതിനെയെല്ലാം നമുക്ക് പ്രോൽസാഹിപ്പിക്കേണ്ടതായിട്ടുണ്ട്. മലയാള സിനിമ, അങ്ങ് മുഖ്യമന്ത്രിയായി കൈകാര്യം ചെയ്തിട്ടുള്ള അവസരത്തിലെല്ലാം, ഈ വകുപ്പ് അങ്ങയുടെ സംരക്ഷണയിൽ വന്നിട്ടുള്ളതാണ്. സിനിമയ്ക്ക് സബ്സിഡി നൽകുന്നതിനുവേണ്ടി തീരുമാനമെടുത്തു. അത് 75,000 രൂപയായി വർദ്ധിപ്പിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ ചലച്ചിത്ര

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായം എന്നു പറയുന്നത് വളരെ ചെലവുള്ള ഒരു കാര്യമായതുകൊണ്ട് ഈ സബ്സിഡി ഒരു ചെറിയ തുക മാത്രമേ ആകുന്നുള്ളൂ. അന്യ സംസ്ഥാനങ്ങളായ തമിഴ്നാടിനെയും കർണ്ണാടകയെയും അപേക്ഷിച്ച് നോക്കുമ്പോൾ 75,000 രൂപ നമ്മുടെ ചലച്ചിത്ര നിർമ്മാണത്തിന് ആശ്വാസമാണെങ്കിലും ആവശ്യത്തിന് ഉപകരിക്കുന്നതല്ല. അത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് എസ്റ്റിമേറ്റ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ചലച്ചിത്ര പരിഷത്തിനെപ്പോലെയുള്ള സംഘടനകൾ, അതിന്റെ പ്രസിഡന്റായ ശ്രീ. കെ. പി. ഉമ്മർ തുടങ്ങിയ പല ആളുകളുമായി ഈ കാര്യം എനിക്കു സംസാരിക്കാൻ ഇട വന്നിട്ടുണ്ട്. അങ്ങും മുഖ്യമന്ത്രിയുമെല്ലാം അവരുടെ നിവേദക സംഘങ്ങൾ കണ്ടിട്ടുള്ളതാണ്. അവർ ഉന്നയിച്ചിട്ടുള്ള ചില ആവശ്യങ്ങൾക്ക്..... പന്ത്രണ്ട് റീലുണ്ടെങ്കിൽ മാത്രമേ സബ്സിഡി നൽകുകയുള്ളൂയെന്നൊരു വ്യവസ്ഥയുണ്ട്. ലോക പ്രശസ്തമായ ചിത്രങ്ങൾ എല്ലാം രണ്ടു മണിക്കൂർ ദൈർഘ്യമുള്ളതാണ്. ഈ വ്യവസ്ഥമൂലം വളരെ ഉന്നത കലാമൂല്യമുള്ള ചിത്രങ്ങൾക്ക് സബ്സിഡി ലഭിക്കാതെപോകുന്നുണ്ട്. അതുകൊണ്ട് ചിത്രം സെൻസർ ചെയ്താലുടൻ സബ്സിഡി കൊടുക്കാനുള്ള വ്യവസ്ഥ ഇന്നില്ല. അങ്ങനെയുള്ള വ്യവസ്ഥ ഉണ്ടാക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്. സബ്സിഡിക്കു പുറമെ സാമൂഹ്യ പ്രശ്നങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് തികഞ്ഞ ലക്ഷ്യബോധത്തോടുകൂടി എടുക്കുന്ന ചിത്രങ്ങൾക്ക് ഒരു ലക്ഷം രൂപ സഹായമായി തമിഴ്നാട് ഗവൺമെന്റ് കൊടുക്കുന്നുണ്ട്. സബ്സിഡിക്കു പുറമെ സാമൂഹ്യബോധമുള്ള ചിത്രങ്ങളെ സഹായിക്കാനും പ്രോൽസാഹിപ്പിക്കാനും കഴിയുമോ എന്ന് ഗൗരവമായി ഗവൺമെന്റ് ആലോചിക്കണം. ചിത്രാഞ്ജലി സ്റ്റുഡിയോവിൽ ഇന്ന് ക്രെഡിറ്റ് ഫെസിലിറ്റീസ് ഇല്ല. ആ ക്രെഡിറ്റ് ഫെസിലിറ്റീസ് സബ്സിഡിയുടെ അടിസ്ഥാനത്തിൽ നൽകാത്ത കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. ഇന്ന് നമ്മുടെ സിനിമ കളർ ഫിലിമിലേക്ക് നീങ്ങിക്കഴിഞ്ഞു. ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രങ്ങൾ വളരെ അപൂർവ്വമാണ്. അത് കാണാൻ ആളുകൾക്ക് താല്പര്യമില്ല. അത് ഉന്നത കലാമൂല്യമുള്ള ചിത്രങ്ങളാണെങ്കിലും ഫിലിം സൊസൈറ്റികളിൽ മാത്രം അത് പ്രദർശിപ്പിക്കുകയാണ്. ഇന്ന് നിർമ്മാണം പൂർത്തിയാക്കി വച്ചിരിക്കുന്ന ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രങ്ങൾക്ക് നികുതി ഇളവ് കൊടുത്ത് അവരെ രക്ഷിക്കണം. അല്ലെങ്കിൽ ആ ചിത്രങ്ങൾ പുറത്തുള്ള ആളുകൾക്ക് കാണാനുള്ള അവസരമുണ്ടാകാത്ത അവസ്ഥയിലേക്ക് നീങ്ങിപ്പോകും. അതുപോലെത്തന്നെ ഒരു വർഷം എത്ര ചലച്ചിത്രം നിർമ്മിക്കണമെന്നതു സംബന്ധിച്ച് വ്യക്തമായ ഒരു പഠനം നടത്തിയ കണക്ക് ഗവൺമെന്റ് ഉണ്ടാക്കണം. കൈയിൽ പണമുള്ള ആർക്കും പടമെടുക്കാം. നൂറും നൂറ്റമ്പതും ചിത്രങ്ങൾ ഓരോ വർഷവും ഉണ്ടാക്കുന്നതിന്റെ ഫലമായി സിനിമയ്ക്കാവശ്യമുള്ള അസംസ്കൃത പദാർത്ഥമായ റാ-ഫിലിമിന് കൃത്രിമമായ ക്ഷാമമുണ്ടാവുകയാണ്. അതിന്റെ ഫലമായി ചില ബുദ്ധിമുട്ടുകൾ വരുന്നു. ഒരാഴ്ചയിൽ റിലീസ് ചെയ്യേണ്ട ചിത്രങ്ങളുടെ എണ്ണം സംബന്ധിച്ച് ഗവൺമെന്റിന് ഒരു ധാരണയുണ്ടാകണം. ചലച്ചിത്ര പരിഷത്തുപോലെയുള്ള സംഘടനകളുമായി ആലോചിച്ച് റിലീസിനെ സംബന്ധിച്ച് വ്യവസ്ഥയുണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെത്തന്നെ നമ്മുടെ ഇന്നത്തെ വിതരണ രംഗം. നമ്മുടെ സ്വകാര്യ വിതരണക്കാർ എല്ലാം തന്നെ കച്ചവട സിനിമയിലാണ് കണ്ണു നട്ടിരിക്കുന്നത്. നല്ല സിനിമകൾ എന്നു വിളിക്കുന്ന ആർട്ട് ഫിലിമുകൾക്കും മറ്റും വിതരണാവകാശത്തിന് ആളുകളെ കിട്ടുന്നില്ല. ഗവൺമെന്റ് ഉടമയിൽ ഒരു വിതരണ ഏജൻസി ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പശ്ചിമ ബംഗാൾ ഗവൺമെന്റ് നേരിട്ട് ചലച്ചിത്രം നിർമ്മിക്കുന്നുണ്ട്. നമ്മുടെ ഗവൺമെന്റിന് അന്താരാഷ്ട്ര പ്രശസ്തരായ ആളുകൾക്ക് സഹായം കൊടുക്കത്തക്കവണ്ണമുള്ള ചിത്രങ്ങൾ നിർമ്മിക്കാൻ ഇറ്റലിയിൽ നടന്ന അന്തർദ്ദേശീയ ചലച്ചിത്രോത്സവത്തിൽ മലയാള ചലച്ചിത്രങ്ങൾ വളരെയധികം ശ്രദ്ധിക്കപ്പെട്ടു. ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെയൊക്കെ ചിത്രങ്ങളാണ്. അതു പോലെ സെൻസർ ബോർഡ് അംഗീകരിച്ച ചിത്രങ്ങൾ, കട്ട് ചെയ്ത രംഗങ്ങൾ പിന്നീട് സിനിമയിൽപ്പെടുത്തി പ്രദർശിപ്പിക്കുന്ന ഒരു പ്രവണത ഇന്ന് വളർന്നു വരുന്നുണ്ട്. അതിന്റെ ഫലമായി സെക്സും സ്റ്റണ്ടും ഉള്ള രംഗങ്ങൾകൊണ്ട് നമ്മുടെ യുവതല മുറയെ വഴിതെറ്റിക്കുകയാണ്. കോർപ്പറേഷന്റെ കീഴിലുള്ള തീയേറ്ററുകളുടെ പണി പൂർത്തിയാക്കണം. കൂടുതൽ തീയേറ്ററുകൾ പണിയാൻ പഞ്ചായത്തു കമ്മിറ്റികൾ മുമ്പോട്ടു വന്നാൽ അവർക്കൊക്കെ വേണ്ട സഹായം നൽകാനുള്ള ഏർപ്പാട് സ്വീകരിക്കണം. ചുമതലാബോധമുണ്ടാക്കാൻ വേണ്ടി ചലച്ചിത്രം പഠനവിഷയമാക്കിക്കൊണ്ട് പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ച്, നമ്മുടെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളെ സഹായിച്ച് പുതിയ ചലച്ചിത്ര ബോധം വളർത്തിയെടുക്കുവാൻ ഗവൺമെന്റ് ശ്രമിക്കുകയും, ചലച്ചിത്ര വ്യവസായം നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരം ഉണ്ടാക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സമൂഹത്തിന്റെ സ്വഭാവത്തെ വളരെയധികം സ്വാധീനിക്കാൻ സാധിക്കുന്ന ഒരു മാദ്ധ്യമം എന്നുള്ളതുകൊണ്ടാണ് സിനിമയെ സംബന്ധിച്ചിടത്തോളം പ്രോൽസാഹനങ്ങളും ചില നിയന്ത്രണങ്ങളും ഏർപ്പെടുത്താൻ ഇടയായിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം മലയാള സിനിമയെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പല നടപടികൾ ഇതിനകം സ്വീകരിച്ചു കഴിഞ്ഞു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മലയാള സിനിമയുടെ വളർച്ചയ്ക്ക് തടസ്സമായി കാണുന്ന കാരണങ്ങളിൽ ഒന്ന് അതിന്റെ വിതരണത്തിനുള്ള സൗകര്യക്കുറവും, വിതരണം ചെയ്യുന്നതിനുള്ള മേഖലയുടെ കുറവുമാണ്. ഒരു ഹിന്ദി ഫിലിമാണെങ്കിൽ ഇന്ത്യയുടെ ഭൂരിഭാഗത്തുമുള്ള ആളുകൾ ഭാഷ അറിയാവുന്നതുകൊണ്ട് ആ സിനിമയെ കാണാൻ പോവുകയുള്ളൂ. തെലുങ്കാണെങ്കിൽ കേരളത്തെ അപേക്ഷിച്ച് വളരെയധികം ആളുകൾ കാണാൻ പോകും. കേരളത്തിൽ മലയാളികളെ സംബന്ധിച്ചിടത്തോളം ജനസംഖ്യയുടെയും അതിർത്തിയുടെയും കുറവുകൊണ്ടും അതോടൊപ്പം തന്നെ സീറ്റുകളുടെ കുറവുകൊണ്ടും നമ്മുടെ സിനിമയുടെ വളർച്ച തടസ്സപ്പെടുകയാണ്. വളരെയധികം വിജയിച്ച ഒരു സിനിമയ്ക്ക് ഒരുപക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ പുറത്ത് ഡബ്ബ് ചെയ്താൽ വിജയിക്കുമെങ്കിൽ വിതരണം ചെയ്യാൻ സാധിക്കുമെങ്കിലും സാധാരണ സിനിമയെ സംബന്ധിച്ചിടത്തോളമുള്ള ബുദ്ധിമുട്ടുകളുണ്ട്. സിനിമയുടെ നിലവാരം ഉയർത്തണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് ചില ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചത്. സബ്സിഡി കൊടുക്കുന്നതുതന്നെ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ കൊണ്ട് പരിശോധിച്ചതിനു ശേഷമാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ മനുഷ്യവികാരങ്ങളെ ചൂഷണം ചെയ്തുകൊണ്ട് അല്ലെങ്കിൽ ദൗർബ്ബല്യങ്ങളെ ചൂഷണം ചെയ്തുകൊണ്ട് പണമുണ്ടാക്കാനുള്ള ശ്രമത്തെ തടയുന്നതിനു വേണ്ടിയാണ്, സെക്സും സ്റ്റണ്ടും ഒക്കെ അസ്ഥാനത്തുകൊണ്ട് പ്രദർശിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കാതിരിക്കാൻ വേണ്ടി, അത്തരം സിനിമകൾക്ക് സബ്സിഡി കൊടുക്കണ്ടായെന്നുവരെയുള്ള തീരുമാനം എടുത്തത്. മലയാള സിനിമയെ സംബന്ധിച്ചിടത്തോളം കേരളത്തിൽ അത് പരമാവധി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി, ഇവിടെ ഏഷ്യയിൽവച്ച് ഏറ്റവും നല്ല ഒരു സ്റ്റുഡിയോ ഏർപ്പെടുത്തിയിരിക്കുകയാണ് - ചിത്രാഞ്ജലി സ്റ്റുഡിയോ. അതായത് ഒരു ഫിലിം എടുത്തു കഴിഞ്ഞാൽ അത് വിതരണം ചെയ്യുന്നതിന്, ജനങ്ങൾക്ക് കൂടുതൽ കാണാൻ സൗകര്യം ചെയ്യുന്നതിന് വേണ്ടിയാണ്. പക്ഷെ പിന്നീട് അത് ഭേദഗതി ചെയ്തുതന്നെ പട്ടണങ്ങളിൽമാത്രമായി നിർത്തിയിരിക്കുകയാണ്. ഏതായാലും ഇന്നുള്ള ന്യൂനതയെന്നു പറയുന്നത് ഒന്ന്, വിതരണത്തിനുള്ള സൗകര്യക്കുറവാണ്. മറ്റു കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത് ചലച്ചിത്ര പരിഷത്തിന്റെയും രണ്ടുമൂന്നു സംഘടനകളുടെയും പ്രതിനിധികളും ഞാനുമായി ചർച്ച ചെയ്തിരുന്നു. അവർ ആവശ്യപ്പെട്ട പല കാര്യങ്ങളും അനുവദിച്ചിരുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോവിൽ 24 മണിക്കൂറും ഫിലിം എടുക്കുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ട്. കോർപ്പറേഷൻ രൂപീകരിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഉദ്ദേശത്തിലുണ്ടായിരുന്നത് കഴിവതും ഗ്രാമപ്രദേശങ്ങളിൽ മിനി തീയേറ്ററുകൾ ഏർപ്പെടുത്തുകയെന്നുള്ളതായിരുന്നു.

ശ്രീ. കെ. കരുണാകരൻ : മറ്റൊന്ന് ചിത്രാഞ്ജലി സ്റ്റുഡിയോയിൽ 24 മണിക്കൂറും ഫിലിം എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണമെന്നുള്ളതാണ്. അതിനുള്ള സൗകര്യം ചെയ്തിട്ടുണ്ട്. ഗവൺമെന്റ് കൊടുക്കുന്ന സബ്സിഡി ചിത്രാഞ്ജലി സ്റ്റുഡിയോയ്ക്കാണ്. ഫിലിം എടുക്കുന്നതിന് സബ്സിഡി പോര. അവർക്ക് കടമായിട്ട് കൊടുക്കാനുള്ള നടപടി എടുക്കുന്നുണ്ട്. സബ്സിഡി വർദ്ധിപ്പിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടിനെക്കുറിച്ച് അറിയാം. ഇന്ന് എത്ര സിനിമ എടുക്കണമെന്ന് നിയന്ത്രിക്കാൻ ഒക്കുകയില്ല. ഇന്ന് ആകെ നിയന്ത്രണമുള്ളത് എടുത്തുകഴിഞ്ഞ സിനിമ പ്രദർശിപ്പിക്കണമെങ്കിൽ അത് പരിശോധിപ്പിച്ച സർട്ടിഫിക്കറ്റ് കിട്ടിയെങ്കിൽ മാത്രമേ പ്രദർശിപ്പിക്കാൻ പറ്റുകയുള്ളു. അങ്ങനെയുള്ള കേസ്സിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ന്യൂനത സംഭവിക്കുന്നുണ്ട്. അതുസംബന്ധിച്ച് ഇതിന്റെ നിയമം പാലിക്കാനുള്ള ഉദ്യോഗസ്ഥന്മാർക്ക് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സിനിമയുടെ കാര്യം വരുമ്പോൾ നിയന്ത്രണം ഏർപ്പെടുത്തേണ്ട ആളുകളും കണ്ണടയ്ക്കുന്നുവെന്ന പരാതിയാണ് സാമാന്യേന കേൾക്കുന്നത്. അത് പ്രായത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

യാണോ സ്വഭാവത്തിന്റെയാണോയെന്ന് ഒന്നും എനിക്ക് അറിഞ്ഞുകൂട. അങ്ങനെയുള്ള ബുദ്ധിമുട്ടുണ്ട്. എങ്കിൽപോലും അത് കർശനമായും തടയേണ്ടതാവശ്യമാണ്. ആ കാര്യത്തിൽ സംശയമില്ല. സിനിമാവ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി ഗവൺമെന്റിന്റെ സ്ഥാപനം പലപ്പോഴും നാമമാത്രമായ വാടകയ്ക്ക് കൊടുക്കുന്നുണ്ട്. വാടകകൂട്ടാതെ കൊടുക്കുന്നതിനുള്ള സഹായം ചെയ്യുന്നുണ്ട്. ഇനിയും എന്ത് ചെയ്യാൻകഴിയുമെന്നുള്ള പ്രശ്നത്തെസംബന്ധിച്ച് പരിശോധിക്കാം. മലയാള ചിത്രത്തെ സംബന്ധിച്ചിടത്തോളം സ്റ്റാന്റേർഡ് ഉയർത്തിക്കൊണ്ടുവരുന്ന കാര്യത്തിൽ ഗവൺമെന്റിന് വലിയ പങ്ക് വഹിക്കാൻ സാധിച്ചിട്ടുണ്ട്. ഇനിയും ആ കാര്യത്തിൽ ശ്രദ്ധിക്കുമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. എം. എം. ഹസ്സൻ: ചലച്ചിത്ര ആസ്വാദകർ ഇന്ന് നേരിടുന്ന ബുദ്ധിമുട്ട് ദുർവഹമായ ടിക്കറ്റു നിരക്കാണ്. എ. സി. തീയേറ്ററുകളിൽ എ. സി. ഇല്ലാതെ ഈ ചാർജ്ജ് വാങ്ങിക്കുന്നു. അത് നിയന്ത്രിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സിനിമാ തീയേറ്ററിലെ റേറ്റിനെസംബന്ധിച്ച് പരാതിയുണ്ട്. അതെസംബന്ധിച്ച് പരിശോധിച്ച് ഒരു വ്യവസ്ഥ ഏർപ്പെടുത്തണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. തീയേറ്ററുകളുടെ വ്യവസ്ഥ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ കൂടുതൽ കർക്കശമാക്കാൻ നിർദ്ദേശം കൊടുക്കാം.

V. സബ്മിഷൻ

(1) മീനച്ചിൽ നദീതടപദ്ധതി-തൊഴിലാളികൾക്കും കൃഷിക്കാർക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ

ശ്രീ. പി. സി. ജോർജ്ജ് : കോട്ടയം ജില്ലയിലെ ഏക നദീതടപദ്ധതിയായ മീനച്ചിൽ റിവർവാലിപദ്ധതിയുടെ പണി ആരംഭിക്കുന്നതിന് പ്രാരംഭനടപടി മുഴുവൻ പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതിയ്ക്കുവേണ്ടി എടുക്കുന്ന സ്ഥലത്തിൽ കൂടുതലും റബ്ബർ എസ്റ്റേറ്റാണ്. ആ എസ്റ്റേറ്റ് എടുക്കുന്നതിന് മുതലാളിമാർക്ക് സന്തോഷമുണ്ടെങ്കിലും അവിടെ പണിയെടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വേദന ഉണ്ടായിരിക്കുന്നു. അവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകി അവരെ പിരിച്ചുവിടാനുള്ള നടപടിപോലും മാനേജുമെന്റ് സ്വീകരിക്കുന്നില്ല. അതുപോലെതന്നെ ഈ പദ്ധതി വരുന്നതോടുകൂടി അവിടെ മുപ്പതും നാല്പതും കൊല്ലമായി രണ്ടേക്കറും മൂന്നേക്കറുമുള്ള കൃഷിസ്ഥലത്ത് താമസിക്കുന്ന പട്ടയമില്ലാത്ത സാധുക്കളായ കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടി പൂർത്തീകരിക്കപ്പെട്ട് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈവക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ട് ഒരു ഹൈലെവൽ കോൺഫറൻസ് വിളിച്ചുകൂട്ടി പദ്ധതിയുടെ പണി എത്രയുംവേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly